**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1558** **03-02-2026 - ൽ മറുപടിയ്ക്ക്**

**എറണാകുളം മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മണ്ഡലത്തിൽ എറണാകുളം, ചിറ്റൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഷൺമുഖപുരം പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | എറണാകുളം, ചേരാനെല്ലൂർ എന്നീ 2 വില്ലേജുകളിലായാണ് ഷണ്മുഖപുരം പ്രദേശം ഉൾപ്പെട്ടു വരുന്നത്. എറണാകുളം വില്ലേജ് സർവ്വെ നമ്പർ 843 പ്പെട്ട കായൽ പുറമ്പോക്ക് ഭൂമിയിൽ 17 കുടുംബങ്ങളും, ചേരാനല്ലൂർ വില്ലേജ് സർവ്വെ നമ്പർ 985 ൽപ്പെട്ട പുഴപുറമ്പോക്ക് ഭൂമിയിൽ 46 കുടുംബങ്ങളും താമസിച്ചു വരുന്നു. ആയതിൽ എറണാകുളം വില്ലേജിൽപ്പെട്ട വസ്തു കൊച്ചിൻ പോർട്ടിന്റെ പരിധിയിലുള്ള കായൽ പുറമ്പോക്ക് ആയതിനാൽ കൊച്ചിൻ പോർട്ടിന്റെ NOC- ആവശ്യപ്പെട്ടിരുന്നു. എന്നാൽ കൈവശക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ് NOC നിരസിച്ചിരുന്നു. കൊച്ചിൻ പോർട്ടിന്റെ NOC ലഭ്യമാകാത്ത സാഹചര്യത്തിൽ അപേക്ഷകളിൽ തുടർ നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല.<br><br>ചേരാനെല്ലൂർ വില്ലേജിൽപ്പെട്ട ഭൂമി പുഴ പുറമ്പോക്കായതിനാലും, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമായതിനാലും ഭൂമി ഡിവെസ്റ്റ് ചെയ്ത് ലഭിച്ചാൽ മാത്രമെ പതിവ് നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. നിലവിൽ പ്രസ്തുത കൈവശ ഭൂമി അളന്ന് സ്കെച്ച് തയ്യാറാക്കി ലഭിക്കുന്നതിന് കൊച്ചി കോർപ്പറേഷനിൽ നിന്ന് കത്ത് ലഭിച്ചിട്ടുള്ളത് പരിശോധിച്ച് വരുകയാണ്. |
| (ബി) | എറണാകുളം മണ്ഡലത്തിലെ എറണാകുളം വില്ലേജിൽ ഉൾപ്പെടുന്ന 24 മുറി നഗർ (പാരഡൈസ് നഗർ) പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | എറണാകുളം ജില്ലയിലെ എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ 75/6, 75/7 എന്നിവയിൽ ഉൾപ്പെട്ട 27.43 ആർ ഭൂമിയിൽ താമസിച്ചു വരുന്ന പാരഡൈസ് നഗർ (24 മുറി നഗർ) നിവാസികളായ 44 കൈവശക്കാർക്ക് വരുമാന പരിധി ഇളവ് ചെയ്ത് 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം |

| | | | |
|---|---|---|---|
| | | | വിനിയോഗിച്ച് കൈവശ ഭൂമി പതിച്ചു നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി 23.01.2026 ലെ സ.ഉ.(കൈ) നം.33/2026/RD പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലാ തലത്തിൽ പട്ടയനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എറണാകുളം മണ്ഡലത്തിലെ ഇളംകുളം വില്ലേജിൽ ഉൾപ്പെടുന്ന ദർശന നഗർ പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (സി) | എറണാകുളം ജില്ലയിൽ എളംകുളം വില്ലേജ് സർവ്വെ നം. 1038 ൽ ദർശന നഗർ പ്രദേശത്ത് താമസിച്ചു വരുന്ന 16 കുടുംബങ്ങളുടെ കൈവശഭൂമി പതിച്ച് അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ട്. വില്ലേജ് രേഖകളിൽ പ്രസ്തുത ഭൂമി പുഴ പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഭൂമി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് ഡീവെസ്റ്റ് ചെയ്തു ലഭ്യമാകേണ്ടതുണ്ട്. ആയതിനുള്ള നടപടികൾക്കായി കൊച്ചിൻ കോർപ്പറേഷൻ അധികൃതർക്ക് കണയന്നൂർ താലൂക്കാഫീസിൽ നിന്ന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ